പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2515

12.03.2018-ൽ മറുപടിക്ക്

## അപ്രോച്ച് റോഡിന് സ്ഥലം ഏറ്റെടുക്കാത്തതിനാൽ പണി പൂർത്തിയാകാത്ത പാലങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. വി. പി. സജീന്ദ്രൻ | ശ്രീ. ജി. സുധാകരൻ (പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| (എ) 2006-2011 സർക്കാരിന്റെ കാലത്ത് അനുവദിച്ച പാലങ്ങളിൽ അപ്രോച്ച് റോഡിന് സ്ഥലം ഏറ്റെടുക്കാത്തതിനാൽ പാലം പണി പൂർത്തിയാകാത്ത എത്ര പാലങ്ങൾ ഉണ്ട്; അവ ഏതെല്ലാം; | (എ) 2006-2011 സർക്കാരിന്റെ കാലത്ത് അനുവദിച്ച പാലങ്ങളിൽ അപ്രോച്ച് റോഡിന് സ്ഥലം ഏറ്റെടുക്കാത്തതിനാൽ പാലം പണി പൂർത്തിയാക്കാത്ത 7 പാലങ്ങൾ ഉണ്ട്. അവ ചുവടെ ചേർക്കുന്നു.<br>1. പനച്ചിമൂട്ടിൽകടവ് പാലം (പത്തനംതിട്ട)<br>2. അരുവിത്തുറ പാലം (കോട്ടയം)<br>3. ഈരാട്ടുപേട്ട കോസ് വേ (കോട്ടയം)<br>4. കോരങ്കടവ് പാലം (മൂവാറ്റുപുഴ)<br>5. മാരിയിൽ കലുങ്ക് പാലം (തൊടുപുഴ, ഇടുക്കി)<br>6. കോവിലകംതാഴം പാലം (കോഴിക്കോട്)<br>7. ചീക്കല്ലൂർ പാലം (വയനാട്) |
| (ബി) അപ്രോച്ച് റോഡിന് സ്ഥലം കിട്ടാത്ത സാഹചര്യത്തിൽ പാലം നിർമ്മിക്കാൻ അനുമതി നൽകിയത് എന്ത് അടിസ്ഥാനത്തിലായിരുന്നു; വ്യക്തമാക്കാമോ;<br>(സി) അത്തരത്തിലുള്ള പാലങ്ങൾ പൂർത്തിയാക്കാൻ എന്നത്തേയ്ക്ക് കഴിയും എന്നാണ് കണക്കാക്കുന്നത്;<br>(ഡി) അപ്രോച്ച് റോഡിന് സ്ഥലം ഏറ്റെടുത്ത സ്ഥലങ്ങളിൽ പാലം പണി വേഗം പൂർത്തീകരിക്കുമോ; | (ബി) (സി) & (ഡി) അപ്രോച്ച് റോഡിന് സ്ഥലം കിട്ടാത്ത സാഹചര്യത്തിൽ പാലം നിർമ്മിക്കാൻ അനുമതി നൽകിയത് സംബന്ധിച്ചുള്ള വിശദാംശം, പാലങ്ങൾ എന്നത്തേയ്ക്ക് പൂർത്തിയാക്കാൻ കഴിയും, അപ്രോച്ച് റോഡിന് സ്ഥലം ഏറ്റെടുത്ത സ്ഥലങ്ങളിൽ പാലം പണി പൂർത്തീകരിക്കുന്നത് സംബന്ധിച്ചുള്ള വിശദാംശങ്ങൾ എന്നിവ ചുവടെ ചേർക്കുന്നു.<br>**1. പനച്ചിമൂട്ടിൽകടവ് പാലം (പത്തനംതിട്ട):-**<br>സമീപ വാസികൾ അപ്രോച്ച് റോഡിനുള്ള സ്ഥലം ഫ്രീ സറണ്ടർ ആയി നൽകുമെന്ന് അറിയിച്ചതിനാലാണ് പാലം പണി ആരംഭിച്ചത്. എന്നാൽ പണികൾ പുരോഗമിച്ചപ്പോൾ അവർ |

അതിൽ നിന്നും പിൻമാറി. അതിനാലാണ് പാലം പണി മാത്രം പൂർത്തീകരിച്ചത്.

നിലവിൽ ബഹു.ജലവിഭവ വകുപ്പ് മന്ത്രി സമീപവാസികളുമായി നടത്തിയ ചർച്ചയിൽ സ്ഥലം നൽകാമെന്ന് സമ്മതിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ അപ്രോച്ച് റോഡ് നിർമ്മാണത്തിന് എസ്റ്റിമേറ്റ് തയ്യാറാക്കുകയും, ഭരണാനുമതി നൽകുകയും പണികൾ ആരംഭിക്കുകയും ചെയ്തിട്ടുള്ളതാകുന്നു. ആഗസ്റ്റ് മാസത്തോടെ പണികൾ പൂർത്തീകരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

**2.അരുവിത്തുറ പാലം(കോട്ടയം), ഈരാറ്റുപേട്ട കോസ് വേ:-**

പാലം നിർമ്മിക്കാൻ ആരംഭിച്ചത് അപ്രോച്ച് റോഡിലെ സ്ഥലം പുറമ്പോക്ക് ഭൂമി ആയത് കൊണ്ടാണ്. എന്നാൽ റവന്യൂ ഡിമാർക്കേറ്റ് ചെയ്തപ്പോൾ സ്വകാര്യ വ്യക്തികളുടെ സ്ഥലവും അപ്രോച്ച് റോഡിന് ഉപയോഗിക്കേണ്ടതായിട്ടുണ്ടെന്ന് കണ്ടെത്തിയിട്ടുണ്ട്.

നിലവിൽ അരുവിത്തുറ പാലത്തിന്റെ സ്ഥലം ഏറ്റെടുക്കൽ പൂർത്തിയായി. പണി ഉടൻ പൂർത്തീകരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

3. **ഈരാറ്റുപേട്ട കോസ് വേ (കോട്ടയം)**

ഈരാറ്റുപേട്ട കോസ് വേയുടെ ഫണ്ട് ലഭിച്ചിട്ടില്ല. ഫണ്ട് ലഭിച്ചാൽ മാത്രമെ സ്ഥലം ഏറ്റെടുക്കൽ നടപടികൾ പൂർത്തീകരിക്കുവാൻ കഴിയുകയുള്ളൂ.

**4.കോരങ്കടവ് പാലം (മൂവാറ്റുപുഴ):-**

പാലം നിർമ്മാണത്തിനായി സ്ഥലം നൽകാമെന്ന് ബന്ധപ്പെട്ട ഉടമകളിൽ നിന്ന് ലഭിച്ച മുൻകൂർ സമ്മതത്തിന്റെ അടിസ്ഥാനത്തിലായിരുന്നു നിർമ്മാണം ആരംഭിച്ചത്.

കോരങ്കടവ് പാലത്തിനാവശ്യമായ സ്ഥലത്തിൽ തണ്ണീർ തടം ഉൾപ്പെട്ട് വരുന്ന ഭാഗം ഒഴികെ സ്ഥലം ഏറ്റെടുക്കൽ പൂർത്തിയാക്കിയിട്ടുണ്ട്. തണ്ണീർതടം ഉൾപ്പെട്ടുവരുന്ന സ്ഥലത്തിന് പരിവർത്തനാനുമതി പാലം പണി പുരോഗമിക്കുന്ന നിലയ്ക്ക് നൽകാമെന്ന് കൃഷി വകുപ്പ് അറിയിച്ചിട്ടുണ്ട്. കരാറുകാരൻ ബഹു.

ഹൈക്കോടതിയിൽ ഫയൽ ചെയ്തിട്ടുള്ള കേസിന്റെയും പുതുക്കിയ ഭരണാനുമതിക്കുള്ള പ്രൊപ്പോസലിന്റെയും തീരുമാനത്തിന് വിധേയമായി മാത്രമെ നിർമ്മാണം പുനരാരംഭിക്കുവാൻ കഴിയുകയുള്ളൂ.

**5.മാരിയാർ കലുങ്ക് പാലം (തൊടുപുഴ, ഇടുക്കി):-**

അപ്രോച്ച് റോഡിനുള്ള സ്ഥലം ഉണ്ടായിരുന്നു. പാലത്തിന്റെ പണി പുരോഗമിക്കുന്ന സാഹചര്യത്തിൽ അമ്പലത്തിന്റെ ആചാരവുമായി ബന്ധപ്പെട്ട തർക്കത്തെത്തുടർന്ന് അലൈൻമെന്റ് മാറ്റേണ്ടി വന്നതിനാലാണ് അപ്രോച്ച് റോഡ് നിർമ്മാണം തടസ്സപ്പെട്ടത്.

ഭൂമി ഏറ്റെടുക്കുന്നതിന് റിക്വസിഷൻ ഫോം ജില്ലാകളക്ടർക്ക് നൽകിയിട്ടുണ്ട്.

**6.കോവിലകംതാഴം പാലം (കോഴിക്കോട്):-**

സമീപന റോഡിന്റെ നിർമ്മാണത്തിനാവശ്യമായ 90 ശതമാനം സ്ഥലവും സൗജന്യമായി വിട്ടുതന്നിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിലാണ് പാലം നിർമ്മാണവും സമീപന റോഡിന്റെ നിർമ്മാണവും ആരംഭിച്ചത്.

ബാക്കി ആവശ്യമായ സ്ഥലം ഏറ്റെടുക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. സ്ഥലം ലഭ്യമാവുന്ന മുറയ്ക്ക് മാത്രമെ പ്രവൃത്തി പൂർത്തീകരിക്കുവാൻ കഴിയുകയുള്ളൂ.

**7.ചീക്കല്ലൂർ പാലം (വയനാട്):-**

ഈ പാലത്തിന്റെ നിർമ്മാണം, കണിയാമ്പറ്റ ഗ്രാമ പഞ്ചായത്ത് അധികൃതർ സ്ഥലം ഏറ്റെടുത്ത് കൈമാറണം എന്ന വ്യവസ്ഥയുടെ അടിസ്ഥാനത്തിൽ, സ്ഥലം എം.എൽ.എ യുടെ നിർദ്ദേശ പ്രകാരം ബഡ്ജറ്റിൽ തുക വകയിരുത്തിയതിൻ പ്രകാരം അനുമതി നൽകി ആരംഭിച്ചിരുന്നതാണ്.

മേൽ സ്ഥലം സംബന്ധിച്ച കേസിന് തീരുമാനം ആയിട്ടുണ്ട്. സ്ഥലം കൈമാറ്റം ചെയ്ത് എസ്റ്റിമേറ്റ് തയ്യാറാക്കി അംഗീകാരം നൽകുന്ന മുറയ്ക്ക് മാത്രമെ പ്രവൃത്തി പൂർത്തീകരിക്കുവാൻ സാധിക്കുകയുള്ളൂ. പിണറായി സർക്കാർ വന്നശേഷം സ്ഥലം ഏറ്റെടുക്കാതെ നിർമ്മാണം ആരംഭിക്കരുതെന്ന് തീരുമാനം എടുത്തു നടപ്പാക്കി വരുന്നു.

| | |
|---|---|
| (ഇ) കുന്നത്തുനാട് പിറവം മണ്ഡലങ്ങളെ ബന്ധിപ്പിക്കുന്ന കോരം കടവ് പാലത്തിന്റെ അപ്രോച്ച് റോഡിനുള്ള സ്ഥലം ഏറ്റെടുക്കൽ പൂർത്തിയാക്കി പാലത്തിന്റെ നിർമ്മാണം എന്നത്തേയ്ക്ക് പൂർത്തിയാക്കാൻ കഴിയും എന്ന് വ്യക്തമാക്കാമോ? | (ഇ) കുന്നത്തുനാട്, പിറവം മണ്ഡലങ്ങളെ ബന്ധിപ്പിക്കുന്ന കോരങ്കടവ് പാലത്തിന്റെ അപ്രോച്ച് റോഡിനുള്ള സ്ഥലം ഏറ്റെടുക്കൽ പൂർത്തിയാക്കി പാലത്തിന്റെ നിർമ്മാണം പൂർത്തിയാക്കുന്നത് സംബന്ധിച്ചുള്ള വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.<br>പാലം നിർമ്മാണത്തിനുള്ള നിരക്ക് പുതുക്കി നൽകണമെന്നാവശ്യപ്പെട്ട് കരാറുകാരൻ ബഹു. കേരള ഹൈക്കോടതിയിൽ കേസ് ഫയൽ ചെയ്തിട്ടുണ്ട്. കൂടാതെ നിരക്ക് പുതുക്കുന്നതിനും, പുതുക്കിയ ഭരണാനുമതി ലഭിക്കുന്നതിനും ഉള്ള പ്രൊപ്പോസൽ സി.ഇ/ആർ&ബി/എം.വി.എ/7220/2010, തീയതി 31/01/2018 പ്രകാരം സർക്കാരിൽ ലഭ്യമായിട്ടുണ്ട്. ആയത് വിശദമായ പരിശോധനയ്ക്കായി ധനകാര്യ വകുപ്പിന് കൈമാറിയിട്ടുണ്ട്. മേൽ സൂചിപ്പിച്ച കേസിന്റേയും പുതുക്കിയ ഭരണാനുമതിയ്ക്കുള്ള പ്രൊപ്പോസലിന്റെയും തീരുമാനത്തിന് വിധേയമായി മാത്രമെ നിർമ്മാണം പുനരാരംഭിക്കുവാൻ സാധിക്കുകയുള്ളൂ.<br>കോരങ്കടവ് പാലത്തിനാവശ്യമായ സ്ഥലത്തിൽ തണ്ണീർ തടം ഉൾപ്പെട്ടുവരുന്ന സ്ഥലം ഒഴികെ സ്ഥലം ഏറ്റെടുക്കൽ പൂർത്തിയാക്കിയിട്ടുണ്ട്. തണ്ണീർ തടം ഉൾപ്പെട്ടുവരുന്ന സ്ഥലത്തിന് പരിവർത്തനാനുമതി പാലം പണി പുരോഗമിക്കുന്ന നിലയ്ക്ക് നൽകാമെന്ന് കൃഷി വകുപ്പ് അറിയിച്ചിട്ടുണ്ട്. |

S. Bindu

സെക്ഷൻ ഓഫീസർ